പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 710

16.7.2012ൽ
മറുപടിയ്ക്ക്

## മെഗാ ഫുഡ് പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ ;<br>ശ്രീ. കെ. മുരളീധരൻ ;<br>ശ്രീ. വർക്കല കഹാർ ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>ബി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | എ) യും ബി) യും<br><br>ഉണ്ട്. ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ (സി.എഫ്.ആർ.ഡി) കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഒരു ഫുഡ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) പ്രസ്തുത ഫുഡ് പാർക്കിൽ എത്ര നൂതന ഭക്ഷ്യസംസ്കരണശാലകൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ; | സി) ഏകദേശം 30 നൂതന ഭക്ഷ്യ സംസ്ക്കരണ ശാലകൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വെജിറ്റേറിയനും നോൺ വെജിറ്റേറിയനുമായ വിഭവങ്ങൾ ഉപയോഗിച്ച് എളുപ്പത്തിൽ പാചകത്തിനുപയോഗിക്കുവാൻ ഉപയുക്തമായതും അതോടൊപ്പം തന്നെ നേരിട്ട് ഭക്ഷിക്കാൻ ഉതകുന്നതുമായ വിഭവങ്ങൾ (മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ) തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഇതുവഴി ഏകദേശം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | ഡി) ഏകദേശം മൂവായിരത്തോളം പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ പദ്ധതി കൊണ്ട് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ